(4) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും സെൻസസ് എടുക്കേണ്ടതാണ്.

(5) ചെമ്മീൻ, കൊഞ്ച്, ഞണ്ട് തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ കായൽ പ്രദേശങ്ങളിൽ നിന്നും അഴിമുഖങ്ങളിൽ നിന്നും ശേഖരിക്കുന്നത് തടയേണ്ടതാണ്.

(6) സംസ്ഥാനത്തിന്റെ കായലുകളിൽ പ്രവർത്തിക്കുന്ന വലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കുകയും ലൈസൻസില്ലാത്ത ഊന്നി, കുറ്റിവലകൾ പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.

(7) മത്സ്യസമ്പത്തിന് നാശമുണ്ടാകുന്ന രീതിയിലുള്ള മത്സ്യബന്ധന രീതികൾ നിരോധിക്കുകയും അവ കർശനമായും നടപ്പാക്കുകയും വേണം.

(8) എഫ്.എ.ഒ. നിർദ്ദേശിച്ച രീതിയിൽ "ഉത്തരവാദിത്ത മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ ചട്ടങ്ങൾ" സംസ്ഥാനത്തു നടപ്പാക്കുന്നതിനുള്ള പ്രായോഗികതകളെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കേണ്ടതാണ്.

(സി) (1) കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന വിവിധ തരം യാനങ്ങൾക്ക് ഏർപ്പെടുത്തിയ ദൂരപരിധി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

(3) മൺസൂൺ കാലത്ത് ഒരു നിശ്ചിത കാലയളവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്താറുണ്ട്.

(4) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഫിഷറീസ് റിസോർസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) രൂപീകരിച്ചിട്ടുണ്ട്.

(5) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും സെൻസസ് എടുത്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധന വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുവാനുള്ള തീരുമാനം

114 [3261] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധന വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇളവുകൾ സംബന്ധിച്ച തീരുമാനം വിശദമാക്കാമോ;

(സി) ബോട്ടുടമകളുടെ പ്രതിനിധികളുമായി യു.ഡി.എഫ്. കൺവീനറുടെ സാന്നിദ്ധ്യത്തിൽ മന്ത്രി തൈക്കാട് ഗസ്റ്റ്ഹൗസിൽ ചർച്ച നടത്തുകയുണ്ടായോ;

(ഡി) ബോട്ടുടമകൾക്ക് മന്ത്രി നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എത്ര ദിവസത്തിനുള്ളിൽ വീണ്ടും ചർച്ച നടത്താമെന്നാണ് ബോട്ടുടമകൾക്ക് ഉറപ്പു നൽകിയിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ചർച്ച നടത്തുകയുണ്ടായി.

(ഡി) ഒരു ഉറപ്പും നൽകിയിട്ടില്ല.

(ഇ) ഇന്നദിവസത്തിനകം വീണ്ടും ചർച്ച ചെയ്യാമെന്ന് ഉറപ്പ് നൽകിയിട്ടില്ല.

രക്ഷാബോട്ടുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി

115 [3262] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര രക്ഷാബോട്ടുകൾ ഉണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(സി) മറ്റുള്ളവകൂടി പ്രവർത്തനക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) ഒന്നും പ്രവർത്തനക്ഷമമല്ല.

(സി) ഫിഷറീസ് വകുപ്പുവക പ്രവർത്തനരഹിതമായ കരുണ, കൽപ്പക, കാവേരി, കൃഷ്ണ, കല്യാണി എന്നീ അഞ്ചു രക്ഷാബോട്ടുകളുടെ പ്രവർത്തനം വിലയിരുത്തുകയും അവ കയ്യൊഴിയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എങ്കിലും അതിനുമുമ്പായി ഇവ റിപ്പയർ ചെയ്യുവാനോ പുതുക്കുവാനോ കഴിയുമോ എന്ന് പരിശോധിപ്പിക്കുന്നതിന് സി.ഐ.എഫ്.എൻ. ഇ.റ്റി.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ടഗ്ഗുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

116 [3263] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലത്തേക്ക് കടലിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly